I ഇ.ബി. XV - കേരള നിയമസഭ/XI-16

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജൂലൈ 8, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 2304-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 12-02-2024-ലെ നക്ഷത്രചിഹ്നമിടാത്ത 2304-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### ജൽജീവൻ പദ്ധതി നടത്തിപ്പിലെ പ്രതിസന്ധി

മി. സ്പീക്കർ: ജൽജീവൻ മിഷൻ ഉദ്ദേശ്യലക്ഷ്യം കൈവരിക്കാത്തതായും കേന്ദ്ര ഫണ്ട് ലാപ്സായതുമൂലം പദ്ധതി താളംതെറ്റിയതായും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, അൻവർ സാദത്ത്, പി. കെ. ബഷീർ, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽജീവൻ മിഷൻ പദ്ധതിപ്രകാരം കഴിഞ്ഞ മൂന്നര വർഷത്തിനുള്ളിൽ 19.50 ലക്ഷം പുതിയ കണക്ഷനുകൾ നൽകുകയും പ്രതിബന്ധങ്ങളെ അതിജീവിച്ച് ശുദ്ധജലം എത്തിക്കാനുള്ള ശ്രമങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. പദ്ധതി ആരംഭിച്ചതുമുതൽ ഈ സാമ്പത്തിക വർഷം ഇതുവരെ 9730 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. മിഷൻ മോഡ് മാതൃകയിലുള്ള പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതുവരെ പണം ഉപയോഗിക്കാൻ സ്വാതന്ത്ര്യമുണ്ട്. 2024-25 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്നും ലഭിച്ച ഒന്നാം ഗഡുവിന് ആനുപാതികമായി സംസ്ഥാന വിഹിതം ലഭ്യമാക്കുകയും അടുത്ത

ഗഡുവിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. പോരായ്മകൾ പരിഹരിച്ചും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ കൃത്യമായി ലഭ്യമാക്കിയും ഓൺഗോയിംഗ് പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയും ജൽജീവൻ മിഷൻ പദ്ധതി പൂർണ്ണതോതിലേയ്ക്ക് എത്തിക്കുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർക്കാരിന്റെ അനാസ്ഥയും പിടിപ്പുകേടും സാമ്പത്തിക അരാജകത്വവുംമൂലം ജൽജീവൻ മിഷൻ നിശ്ചലാവസ്ഥയിലാണ്. അഞ്ച് മുതൽ എട്ട് വർഷം മുമ്പ് വരെയുള്ള പദ്ധതികൾ പൊടിതട്ടിയെടുത്തും പുതിയ സർവ്വേ നടത്താതെയും ഗൂഗിൾ മാപ്പിംഗിലൂടെയുമാണ് പദ്ധതിക്കുള്ള അനുമതി വാങ്ങിയത്. പദ്ധതി വിപുലീകരിക്കാതെ നിലവിലുള്ള പദ്ധതികളിൽ/ഡിസ്ട്രിബ്യൂഷൻ ലൈനുകളിൽനിന്ന് പുതിയ കണക്ഷനുകൾ നൽകിയതിനാൽ ഒരിടത്തും ശുദ്ധജലം ലഭിക്കാത്ത അവസ്ഥയാണുള്ളത്. 2023 ഒക്ടോബറിൽ ലഭിച്ച കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം വൈകി അനുവദിച്ചതിനാൽ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് അടക്കം സമർപ്പിച്ച് തുടർന്നുള്ള വിഹിതം വാങ്ങിയെടുക്കാൻ സാധിച്ചിട്ടില്ല. ധൃതിപിടിച്ച് കഴിഞ്ഞ സാമ്പത്തിക വർഷം അവസാനം ജൽജീവൻ മിഷന്റെ അക്കൗണ്ട് മറ്റൊരു ബാങ്കിലേയ്ക്ക് മാറ്റിയതിനെത്തുടർന്നുണ്ടായ സാങ്കേതിക കാരണങ്ങളാൽ 300

കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഫണ്ട് വിനിയോഗിക്കുന്നതിലെ വീഴ്ചകാരണം സംസ്ഥാനത്തിന് അർഹതപ്പെട്ട കൂടുതൽ വിഹിതം വാങ്ങിയെടുക്കാൻ സാധിച്ചിട്ടില്ല. 2024 മാർച്ചിൽ അവസാനിച്ച പദ്ധതി ഒരു വർഷംകൂടി ദീർഘിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോയെന്നും പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കാനാവശ്യമായ 15000 കോടി രൂപയുടെ സംസ്ഥാന വിഹിതം എങ്ങനെ കണ്ടെത്തുമെന്നും വ്യക്തമാക്കണം. പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കാൻ നടപടി സ്വീകരിക്കണം. പദ്ധതിയുടെ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ടുണ്ടായ ഉദ്യോഗസ്ഥതല ക്രമക്കേടുകൾ പ്രോജക്ടിന്റെ സുതാര്യതയെ ബാധിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള 1352 കോടി രൂപ പിരിച്ചെടുക്കാതെ വെള്ളക്കരം വർദ്ധിപ്പിച്ചതും കരാറുകാർക്ക് കുടിശ്ശിക നൽകാത്തതും അന്യായമാണ്. പദ്ധതി നിർവ്വഹണത്തിൽ കേരളം പിന്നാക്കം പോയിരിക്കുകയാണ്. ജൽജീവൻ മിഷൻ നടപ്പാക്കുന്നതിന്റെ ഭാഗമായി തകർന്ന റോഡുകൾ നവീകരിക്കുന്നതിലും പദ്ധതി കൃത്യതയോടെ

നടപ്പാക്കുന്നതിലും സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സമ്പൂർണ്ണമായും കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതി മുൻഗണന നൽകിയാണ് സർക്കാർ നടപ്പാക്കിവരുന്നത്. പ്രവൃത്തി പൂർത്തിയായശേഷം വെള്ളം ലഭിക്കാത്ത പ്രശ്നമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. ലഭിക്കാത്ത വെള്ളത്തിന് ചാർജ്ജ് അടയ്ക്കേണ്ടതില്ല. വാട്ടർ ചാർജ്ജ് വർദ്ധനവിലൂടെ 95 കോടിയോളം രൂപ സമാഹരിക്കാനും ശമ്പളവും പെൻഷനും നൽകുന്നതിനുപുറമെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസിനായി പത്ത് കോടിയോളം രൂപ മാസംതോറും നൽകാനും സാധിക്കുന്നുണ്ട്. കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ചാർജ്ജ് വർദ്ധനവിനുശേഷവും നഷ്ടം സഹിച്ചാണ് വാട്ടർ അതോറിറ്റി കുടിവെള്ളം വിതരണം ചെയ്യുന്നത്. പദ്ധതി നടത്തിപ്പിനായി പൊളിച്ച പ്രാദേശിക/പൊതുമരാമത്ത് റോഡുകളുടെ 50 ശതമാനവും നവീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നുമുതൽ മൂന്ന് വരെയുള്ള ഘട്ടങ്ങൾ നടപ്പാക്കുന്നതിന് പഞ്ചായത്തുകൾക്ക് 15-ാം ധനകാര്യ കമ്മീഷന്റെ അൺടൈഡ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം

നൽകിയതുകൂടാതെ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച 1420 കോടി രൂപ നൽകാനും നടപടി സ്വീകരിച്ചുവരികയാണ്. പ്ലാൻ ഫണ്ടുപയോഗിച്ച് മെയിന്റനൻസ് നടത്തിയിട്ടുള്ള പഞ്ചായത്തുകൾക്ക് അത് റീഫണ്ട് ചെയ്യാവുന്നതാണ്. നാല് മുതൽ ആറ് വരെയുള്ള ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിന് നിലവിൽ പ്രതിസന്ധിയില്ല. പി.ഡബ്ല്യു.ഡി മാനുൽ പ്രകാരം ടെൻഡർ തുകയുടെ പത്ത് ശതമാനം വരെ കുടിശ്ശികയാകാമെന്നിരിക്കെ ബിൽ പാസ്സാകാത്തതിന്റെ പേരിൽ പ്രവൃത്തി മന്ദീഭവിപ്പിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല. ജലലഭ്യത ഉറപ്പാക്കി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 92 പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും ശുദ്ധജല കണക്ഷനുകൾ നൽകിയിട്ടുണ്ട്. 2024 ഡിസംബറോടുകൂടി 100 പഞ്ചായത്തുകളിൽക്കൂടി ശുദ്ധജല കണക്ഷനുകൾ നൽകുന്നതാണ്. ഈ പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കാനും കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക തുക കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. കേന്ദ്രവിഹിതത്തിനനുസരിച്ചുള്ള സംസ്ഥാനവിഹിതം ഈ പദ്ധതിക്ക്

നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III ശ്രദ്ധ ക്ഷണിക്കൽ

(1) പക്ഷിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കൽ

ശ്രീമതി സി. കെ. ആശ: സംസ്ഥാനത്ത് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പടർന്നുപിടിച്ച പക്ഷിപ്പനി നിയന്ത്രണ വിധേയമാക്കുന്നതിനും പടരാതിരിക്കുന്നതിനും നാശനഷ്ടം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): 2014 മുതൽ ഒക്ടോബർ-

ഫെബ്രുവരി മാസങ്ങളിലാണ് പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഈ വർഷം ആലപ്പുഴ ജില്ലയിലെ എടത്വയിൽ ആദ്യമായും തുടർന്ന് കോട്ടയം, പത്തനംതിട്ട ജില്ലകളിലും രോഗം റിപ്പോർട്ട് ചെയ്യുകയും നിലവിൽ 37 പ്രഭവ കേന്ദ്രങ്ങൾ സ്ഥിരീകരിക്കുകയും ആകെ 62334 പക്ഷികൾ രോഗം ബാധിച്ച് മരണപ്പെടുകയും ചെയ്തിട്ടുണ്ട്. താറാവുകളിൽ കണ്ടുവരുന്ന രോഗബാധ ഈ വർഷം ബ്രോയിലർ കോഴി, കാടക്കോഴി, പറവകൾ എന്നിവയിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നിരണം താറാവ് വളർത്തൽ കേന്ദ്രം, മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രം, ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി എന്നിവിടങ്ങളിൽ രോഗബാധയുണ്ടാവുകയും 1555 പക്ഷികൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. പക്ഷിപ്പനി റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ യോഗം ചേരുകയും രോഗവ്യാപനം നിയന്ത്രിക്കുന്നതിന് വിദഗ്ധരെയും ഉന്നത ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും ശാസ്ത്രീയ കർമ്മ പദ്ധതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലുള്ള പ്രമുഖ ഏജൻസികൾ രോഗബാധിത പ്രദേശങ്ങൾ സന്ദർശിച്ച് രോഗനിയന്ത്രണ നടപടികൾ വിലയിരുത്തുകയും വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന പൗൾട്രി ഫാമുകൾ

അടച്ചുപൂട്ടുന്നതിനും ഒരു വർഷത്തേയ്ക്ക് സർവൈലൻസ് മേഖലയായി കണക്കാക്കുന്നതിനും ദയാവധം ചെയ്യപ്പെട്ട പക്ഷികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം അനുവദിക്കാനുമുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പക്ഷിപ്പനി നിയന്ത്രണത്തിനും ഭാവി കർമ്മ പദ്ധതികൾക്കുമായി ഉന്നതതല കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വർഷാവർഷം രോഗം ആവർത്തിക്കുന്നത് തടയാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഹാച്ചറി ഉടമകളുടെ ഓൺലൈൻ യോഗം വിളിച്ചുചേർത്ത് നിലവിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും ആവശ്യമായ നിയന്ത്രണ നടപടികൾ നിർദ്ദേശിക്കുകയും സർക്കാർ നിയന്ത്രണങ്ങളോടും രോഗപ്രതിരോധ പ്രവർത്തനങ്ങളോടും പൂർണ്ണമായി സഹകരിക്കുമെന്ന് അവർ ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ എം.എൽ.എ.-മാരുടെ യോഗം വിളിച്ചുചേർക്കുന്നതാണ്. രോഗനിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്, തിരുവല്ല അനിമൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി (ADDL) എന്നിവയെ ബി.എസ്.എൽ.-3 നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്

കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വിഹിതം ലഭിക്കുന്നതിനുമുമ്പുതന്നെ സംസ്ഥാന സർക്കാരിന്റെ കോർപ്പസ് ഫണ്ടിൽനിന്ന് നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതി തുടരുന്നതാണ്. 2024 ഫെബ്രുവരി വരെയുള്ള കുടിശ്ശിക കൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ നഷ്ടമുണ്ടായിട്ടുള്ള കർഷകർക്ക് വേഗത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഏകാരോഗ്യം പദ്ധതിയുടെ അടിസ്ഥാനത്തിൽ മനുഷ്യരിലേയ്ക്കുള്ള രോഗ വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. രോഗബാധിതരായ പക്ഷികളെ കൈകാര്യം ചെയ്യുന്ന കർഷകർ അനുവർത്തിക്കേണ്ട ഗൈഡ്‌ലൈൻസ് ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. മൃഗസംരക്ഷണം, ആരോഗ്യം വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്.

(2) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ നേരിടുന്ന പ്രതിസന്ധി

ശ്രീ. റോജി എം. ജോൺ: നാലായിരത്തിലധികം കുടുംബങ്ങൾ ആശ്രയിക്കുന്ന സംസ്ഥാന ബാംബൂ കോർപ്പറേഷൻ അതീവ ഗുരുതര പ്രതിസന്ധി നേരിടുകയാണ്. തൊഴിലാളികൾക്ക് കൃത്യമായി ഈറ്റ ലഭ്യമാക്കുന്നതിനും നെയ്യുന്ന പനമ്പ് കൃത്യമായി ഏറ്റെടുത്ത് അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും കഴിയണം. തൊഴിലാളികൾക്ക്

ലഭിക്കേണ്ട ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ ലഭ്യമാക്കുന്നതിനും പി.എഫ്. വിഹിതം കൃത്യമായി അടയ്ക്കുന്നതിനും നടപടി സ്വീകരിക്കണം. ഒരു പ്രത്യേക പാക്കേജിന് രൂപംനൽകി കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ നേരിടുന്ന പ്രതിസന്ധി പരിഹരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പരമ്പരാഗത വ്യവസായ മേഖല പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒരു ബണ്ടിൽ ഈറ്റ വെട്ടി പനമ്പ് നെയ്ത്ത് തൊഴിലാളിക്ക് നൽകുമ്പോൾ 216 രൂപയുടെ നഷ്ടം ബാംബൂ കോർപ്പറേഷനുണ്ടാകുന്നു. പനമ്പിന്റെ ലഭ്യതക്കുറവുമുണ്ട്. നിലവിൽ ബാംബൂ ബോർഡ് ഫാക്ടറിയിൽ ബാംബൂപ്ലൈ മാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഈറ്റ ലഭ്യതയിലുള്ള പ്രശ്നങ്ങൾ വനം വകുപ്പുമായി ചേർന്ന് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ഈറ്റ വെട്ടുന്നവർക്കും പനമ്പ് നെയ്യുന്നവർക്കുമുള്ള കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പ്രകാരമുള്ള ഡി.എ. ജില്ലാ വ്യവസായകേന്ദ്രങ്ങൾ മുഖേന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ശമ്പള പ്രതിസന്ധി പരിഹരിക്കുന്നതിനായി പണം കടമെടുത്ത് നൽകുകയും അതിന്റെ വിനിയോഗം സംബന്ധിച്ച് ട്രേഡ് യൂണിയനുകളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടക്കമുള്ള കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതുമാണ്. ഈ വർഷം വർക്കിംഗ് ക്യാപ്പിറ്റൽ ഹെഡ്ഡിൽ

മൂന്ന് കോടി രൂപ ബാംബൂ കോർപ്പറേഷനുവേണ്ടി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റിൽ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഡ്യൂസ് ക്ലിയർ ചെയ്യുന്നതിനുവേണ്ടി ഫണ്ട് വകയിരുത്തിയതിൽനിന്നും ഇതിനാവശ്യമായ സഹായം നൽകുന്നതാണ്.

## IV സബ്മിഷൻ

### (1) കേരള ബാങ്കിനെ തരംതാഴ്ത്തിയ നടപടി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ജില്ലാ ബാങ്കുകളെ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചതിലൂടെ സഹകരണ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ആക്കംകൂട്ടിയിരിക്കുകയാണ്. ബാങ്കുകളെയും നിക്ഷേപകരെയും സംരക്ഷിക്കാൻ കേരള ബാങ്കിന് കഴിയാത്ത സാഹചര്യമാണുള്ളത്. നബാർഡിന്റെ ക്രെഡിറ്റ് മോണിറ്ററിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥകൾ പ്രകാരം കേരള ബാങ്കിനെ 'സി' ഗ്രേഡ് റേറ്റിംഗിലേയ്ക്ക് തരംതാഴ്ത്തിയതുസംബന്ധിച്ച് പുനരാലോചന നടത്താൻ തയ്യാറാകണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): കേരള ബാങ്ക് ഈ വർഷം 209 കോടി രൂപയുടെ റെക്കോർഡ് ലാഭമാണുണ്ടാക്കിയിരിക്കുന്നത്. പ്രൈമറി സംഘങ്ങൾക്ക് റിസർവ്

ബാങ്കിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി സഹായങ്ങൾ ചെയ്യുന്നുണ്ട്. എൻ.പി.എ. കുറച്ചുകൊണ്ടുവരാനും സി.ഡി. റേഷ്യോയിൽ വ്യത്യാസം വരുത്താനും ബിസിനസ്സ് ഗണ്യമായി വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. സംഘങ്ങൾക്ക് നൽകിവരുന്ന പ്രാഥമിക കാർഷികവായ്പ, ഓവർഡ്രാഫ്റ്റ് വായ്പ, വ്യക്തികൾക്കുള്ള ഭവനവായ്പ തുടങ്ങിയവയെ നബാർഡിന്റെ റേറ്റിംഗ് ബാധിക്കുന്നില്ല. കേരള ബാങ്കിന്റെ റേറ്റിംഗിൽ വരുത്തിയിട്ടുള്ള മാറ്റം നബാർഡിന്റെ വാർഷിക പരിശോധനയുമായി ബന്ധപ്പെട്ട സാധാരണ നടപടിക്രമം മാത്രമാണ്. ഉല്പാദന-സേവന കച്ചവട മേഖലയുമായി ബന്ധപ്പെട്ട് വിവിധയിനം വായ്പകൾ നൽകുന്നതിലൂടെ മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ ബാങ്കിന് സാധിക്കുന്നുണ്ട്. നബാർഡ് ചൂണ്ടിക്കാണിച്ച ന്യൂനതകൾ ഭരണസമിതിയുടെ മേൽനോട്ടത്തിൽ പരിഹരിച്ച് റേറ്റിംഗ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## (2) കാലടിയിലും അങ്കമാലിയിലും പുതിയ ട്രാഫിക് യൂണിറ്റ് ആരംഭിക്കാൻ നടപടി

ശ്രീ. റോജി എം. ജോൺ: ഗതാഗതക്കുരുക്ക് നിയന്ത്രിക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമായി കാലടിയിലും അങ്കമാലിയിലും പുതിയ ട്രാഫിക് യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംസ്ഥാനത്തെ ട്രാഫിക് കേസുകൾ കൈകാര്യം ചെയ്യുന്നത് അതത് ലോക്കൽ പോലീസ് സ്റ്റേഷനുകളാണ്. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായ തരത്തിലാണ് കേന്ദ്രീകൃത സംവിധാനത്തെ പ്രാദേശികതലത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത്. പഴയ ട്രാഫിക് പോലീസ് സ്റ്റേഷനുകൾ നിലവിൽ ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളായി പ്രവർത്തിച്ചുവരുന്നു. നൂതന സാങ്കേതികവിദ്യകൂടി സംയോജിപ്പിച്ച് ഗതാഗത നിയന്ത്രണത്തിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. അത്യാവശ്യ ഘട്ടങ്ങളിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് ഗതാഗത ക്രമീകരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പുതിയ ട്രാഫിക് യൂണിറ്റുകൾ സ്ഥാപിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(3) കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിനായി ഭൂമി ഏറ്റെടുക്കൽ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ സർവ്വേയർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് നിർമ്മാണത്തിനായി നടത്തിയ സാമൂഹികാഘാത പഠന റിപ്പോർട്ട് പരിശോധിച്ച വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കുന്നതിനുവേണ്ട തുടർനടപടി സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ജില്ലാകളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും പരിഗണിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. റോഡ് വികസനത്തിന്റെ അലൈൻമെന്റ് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നിലവിലുണ്ടെങ്കിലും അലൈൻമെന്റ് പ്രകാരമുള്ള സർവ്വേ ജോലികൾ പുരോഗമിച്ചുവരികയാണ്. ആവശ്യത്തിന് സർവ്വേയർമാരെ നിയോഗിച്ച്, ഇതുമായി ബന്ധപ്പെട്ട ടൈംടേബിൾ ഉൾപ്പെടെ പ്രസിദ്ധീകരിച്ച് ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(4) കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രവർത്തനം

ശ്രീ. മോൻസ് ജോസഫ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്ന സ്പെഷ്യൽ പാക്കേജിലുൾപ്പെടുത്തി നഷ്ടത്തിൽ പ്രവർത്തിക്കുന്ന കോട്ടയം ടെക്സ്റ്റൈൽസിന്റെ പ്രതിസന്ധി പരിഹരിച്ച്

സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കുന്നതിനും നവീകരണത്തിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായുള്ള 38.04 കോടി രൂപയുടെ മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകുകയും നിലവിലുള്ള മെഷീനുകളുടെ അറ്റകുറ്റപ്പണികൾക്കായി 117.42 ലക്ഷം രൂപ വകയിരുത്തുകയും 2023-24-ൽ പ്രവർത്തനമൂലധനമായി ഒരുകോടി ഏഴര ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. സോളാർ പദ്ധതി ആരംഭിക്കുകയും കോട്ടൺ ബോർഡ് രൂപീകരിക്കുകയും ചെയ്യുന്നതിലൂടെ മേഖലയിൽ മാറ്റമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(5) മലമ്പുഴ, പുതുശ്ശേരി ഇമേജ് മാലിന്യസംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ-പുതുശ്ശേരി ഇമേജ് മാലിന്യസംസ്കരണ പ്ലാന്റിൽനിന്നും ഒഴുക്കിവിടുന്ന മലിനജലം ശുദ്ധീകരിക്കുന്നതിനും പ്ലാന്റിലുണ്ടായ തീപിടിത്തത്തിൽ മരണപ്പെട്ട അഭിജിത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകുന്നതിനും തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പ്രസ്തുത പ്ലാന്റിന് സമാനമായ പ്ലാന്റുകൾ അതത്

ജില്ലകളിൽ ആരംഭിച്ച് പ്രദേശവാസികൾ നേരിടുന്ന ദുഃസ്ഥിതിക്ക് പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാലർമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഇമേജ് മാലിന്യ സംസ്കരണ പ്ലാന്റിൽനിന്നും അനുവദനീയമായ അളവിൽ കൂടുതൽ മാലിന്യം സംസ്കരിക്കുന്നില്ലെന്നും എല്ലാ തൊഴിലാളികൾക്കും വൈദ്യ പരിശോധനയും വാക്സിനേഷനുകളും നൽകുന്നുവെന്നും ഉറപ്പുവരുത്തുന്നുണ്ട്. മലിനജലം പുറത്തേയ്ക്ക് ഒഴിക്കിവിടുന്നുവെന്ന ആക്ഷേപം പരിശോധിക്കുന്നതാണ്. അവിടെയുണ്ടായ തീപിടിത്തവുമായി ബന്ധപ്പെട്ട് ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ് വകുപ്പ് നൽകിയ കാരണംകാണിക്കൽ നോട്ടീസിന് ഇമേജ് നൽകുന്ന മറുപടി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്. സമാനമായ പ്ലാന്റുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കാൻ ശ്രമം നടത്തിവരുന്നു. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും ഇതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു.

(6) വളക്കൈ -കൊയ്യം റോഡ് നിർമ്മാണം

ശ്രീ. സജീവ് ജോസഫ്: പാതി വഴിയിൽ നിർമ്മാണം നിലച്ച വളക്കൈ-കൊയ്യം റോഡിന്റെ പൂർത്തീകരണത്തിനായുള്ള അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഇരിക്കൂർ-തളിപ്പറമ്പ് മണ്ഡലങ്ങളിലുൾപ്പെടുന്ന വളക്കൈ-കൊയ്യം-വേളം റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ ഒരു ഭാഗത്ത് എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ പ്രവൃത്തി ചെയ്യേണ്ട സാഹചര്യം വന്നതിനെത്തുടർന്ന് തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുമതിക്കായി സമർപ്പിക്കുകയും ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ചില സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പ്രവൃത്തി പൂർത്തിയാക്കാനുള്ള ശ്രമം നടത്തിവരികയാണ്.

(7) കരിനിലം-പശ്ചിമ-കുഴിമാവ് റോഡ് പുനരുദ്ധാരണം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം, കോരുത്തോട് പഞ്ചായത്തുകളിലെ വിവിധ വാർഡുകളിലൂടെ കടന്നുപോകുന്ന കരിനിലം-പ്ലാക്കപ്പടി-പശ്ചിമ-കൊട്ടാരംകട-കുഴിമാവ്

റോഡ് റീ-ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കരിനിലം-പശ്ചിമ-കുഴിമാവ് റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ പ്രവൃത്തിയിൽ അലംഭാവം കാണിച്ചതിനെത്തുടർന്ന് കരാറുകാരനെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തെങ്കിലും കരാറുകാർ ആരും പ്രവൃത്തി ഏറ്റെടുത്തില്ല. റോഡിന്റെ നിലവിലെ സ്ഥിതി പരിഗണിച്ച് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് ഭരണാനുമതി ലഭിച്ച തുകയേക്കാൾ അധികരിച്ചതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്.

### (8) ഉടുമ്പൻചോല ഗവൺമെന്റ് തമിഴ് ഹൈസ്കൂളിൽ യു.പി. വിഭാഗം അനുവദിക്കൽ

ശ്രീ. എം. എം. മണി: ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് തമിഴ് ഹൈസ്കൂളിൽ യു.പി. വിഭാഗം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ഉടുമ്പൻചോല ഗവൺമെന്റ് തമിഴ് സ്കൂളിൽ യു.പി. വിഭാഗം പ്രവർത്തിക്കാത്തതിനാൽ കുട്ടികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് സംരക്ഷിത അധ്യാപകർ, എസ്.എസ്.കെ. വോളണ്ടിയേഴ്സ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ബ്രിഡ്ജ് കോഴ്സ് എന്നനിലയിൽ തുടക്ക വർഷത്തിൽ അഞ്ചാം ക്ലാസും തുടർ വർഷങ്ങളിൽ 6, 7 ക്ലാസുകളും ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(9) പ്ലസ് വൺ പ്രവേശനം

ശ്രീമതി കാനത്തിൽ ജമീല: ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ജനറൽ സ്കൂളുകളിൽ പ്ലസ് വണ്ണിന് ബോണസ് പോയിന്റ് നൽകി അഡ്മിഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): THSLC പാസ്സായ വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിന് ബോണസ് പോയിന്റ് ആവശ്യപ്പെട്ട് ഫയൽ ചെയ്ത കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും അനുകൂല ഉത്തരവുണ്ടായിട്ടില്ല. ടെക്നിക്കൽ ഹൈസ്കൂളുകളുടെ വിദ്യാഭ്യാസ പദ്ധതി പ്രകാരം പത്താം ക്ലാസ്

കഴിയുന്നവർക്ക് തുടർ വിദ്യാഭ്യാസത്തിന് 15 ടെക്നിക്കൽ സ്കൂളുകളിലായി 2530 സീറ്റുകളും പോളിടെക്നിക്കുകളിൽ പത്ത് ശതമാനം സീറ്റും സംവരണം ചെയ്തിട്ടുണ്ട്. മറ്റ് വിദ്യാഭ്യാസ സമ്പ്രദായങ്ങളിൽനിന്നും മറ്റ് ബോർഡുകളിൽനിന്നുമുള്ള വിദ്യാർത്ഥികളുടെ തള്ളിക്കയറ്റം SSLC ജയിച്ച വിദ്യാർത്ഥികളുടെ പ്ലസ്‌വൺ പ്രവേശനത്തെ സാരമായി ബാധിക്കുന്നുവെന്നുള്ള പരാതി മുൻനിർത്തി സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റി പ്രസ്തുത വിഷയം പരിശോധിക്കുകയും കേരള സിലബസ്സിൽ SSLC ജയിച്ചവർക്ക് മാത്രം മൂന്ന് ബോണസ് പോയിന്റ് നൽകുവാൻ ശിപാർശ ചെയ്യുകയുമായിരുന്നു. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്ന അവസരത്തിൽ ഈ വിഷയം സംബന്ധിച്ച് ആലോചിക്കാവുന്നതാണ്.

### (10) തോന്നയ്ക്കൽ എം.ആർ.എസ്.-ന്റെ പ്രവർത്തനം

ശ്രീ. വി. ശശി: തോന്നയ്ക്കൽ വില്ലേജിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടസമുച്ചയത്തിൽ നൈപുണ്യ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനുപകരം എം.ആർ.എസ്. ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): തോന്നയ്ക്കൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടത്തിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും നിർമ്മാണം ആധുനിക സൗകര്യങ്ങളോടുകൂടി പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് മതിയായ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്കൂൾ പ്രവർത്തനത്തിനാവശ്യമായ അനുമതി ലഭ്യമാക്കുന്നതിനുമായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾക്ക് താൽക്കാലികമായി നൈപുണ്യ വികസനത്തിനായി നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശീലിപ്പിക്കുന്നതിനായുള്ള ട്രെയിനിംഗ് സെന്ററായി ടി സ്ഥാപനം പ്രവർത്തനമാരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സ്ഥാപനം സ്കിൽ ട്രെയിനിംഗ് സെന്ററായി പ്രവർത്തനസജ്ജമാക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എം.ആർ.എസ്. പ്രവർത്തിക്കുന്നതോടൊപ്പം താൽക്കാലികമായി സ്കിൽ ട്രെയിനിംഗ് സെന്റർ പ്രവർത്തിപ്പിക്കുന്നതിന് തടസ്സമില്ലെന്നാണ് കാണുന്നത്.

(11) <u>ഭവനനിർമ്മാണ തട്ടിപ്പിനിരയായവർക്ക് വീട് നിർമ്മിച്ചു നൽകൽ</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അട്ടപ്പാടി ഭൂതിവഴി ഊരിൽ ഏഴ് ആദിവാസി കുടുംബങ്ങൾ ഭവനനിർമ്മാണ തട്ടിപ്പിനിരയായിരിക്കുകയാണ്. ഇക്കാര്യത്തിൽ മനുഷ്യാവകാശ പ്രവർത്തകർ ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ തുടർനടപടികൾ ത്വരിതപ്പെടുത്താനും അടിയന്തരമായി വീട് നിർമ്മിച്ചു നൽകാനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി <u>(ശ്രീ. ഒ. ആർ. കേളു):</u> മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഭൂതിവഴി ഊരിലെ ഏഴ് ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് 2015-16 സാമ്പത്തിക വർഷത്തിൽ വീട് അനുവദിച്ചിരുന്നു. വീട് നിർമ്മാണം പൂർത്തിയാക്കാതെ പണം കൈപ്പറ്റിയ കരാറുകാർക്കെതിരെ അഗളി പോലീസ് രജിസ്റ്റർ ചെയ്ത കേസ് കോടതിയുടെ പരിഗണനയിലാണ്. ഏഴ് ഗുണഭോക്താക്കൾക്കുമായി 34.80 ലക്ഷം രൂപ അനുവദിച്ച് വീട് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും റൂഫിൽ ചോർച്ചയുണ്ടെന്ന പ്രോജക്ട് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭവന പുനരുദ്ധാരണ പദ്ധതിയിൽ

ഉൾപ്പെടുത്തി ചോർച്ച പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

## V റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു.

1) സബ്ജക്ട് കമ്മിറ്റി I, II, IV, IX, XI, XIII എന്നിവയുടെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023-24 വർഷത്തെ ആനുകാലിക റിപ്പോർട്ടും
2) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപത് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ
3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ
4) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നും നാലും റിപ്പോർട്ടുകൾ
5) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനൊന്ന് മുതൽ പതിനാല് വരെയുള്ള റിപ്പോർട്ടുകൾ

## VI ക്രമപ്രശ്നം

### ഗവർണറുടെ അനുമതി ലഭിച്ച ആക്റ്റ് യഥാസമയം സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച്

ശ്രീ. എ. പി. അനിൽകുമാർ: 2023 നവംബർ 12-ന് ഗവർണറുടെ അനുമതി ലഭിച്ച കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണ മിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്റ്റ് 2023 നവംബർ 14-ന് 2023-ലെ 27-ാം ആക്റ്റായി പ്രസിദ്ധപ്പെടുത്തിയെങ്കിലും പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളന കാലയളവിൽ ടി ആക്റ്റ് സഭയുടെ മേശപ്പുറത്തുവയ്ക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചില്ല. ഗവർണറുടെയോ രാഷ്ട്രപതിയുടെയോ അനുമതി ലഭിച്ച ആക്റ്റുകൾ പ്രസിദ്ധപ്പെടുത്തിയതിനുശേഷം തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കീഴ്‌വഴക്കമാണ് കേരള നിയമസഭയിൽ പിന്തുടരുന്നത്. ആക്റ്റ് പ്രസിദ്ധീകരിച്ച് ഏഴ് മാസങ്ങൾക്കുശേഷം, 27-06-2024-നാണ് സഭയുടെ മേശപ്പുറത്ത് വച്ചത്. നിയമസഭ പാസ്സാക്കിയ ബില്ലുകൾക്ക് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നുണ്ടോയെന്നും സാമാജികർക്ക് അറിവ് ലഭിക്കേണ്ടത് കാര്യക്ഷമമായ പാർലമെന്ററി പ്രവർത്തനത്തിന്

അനിവാര്യമാണ്. നിയമസഭാ ചട്ടം 166 പ്രകാരം റെഗുലേഷനുകൾ, ചട്ടങ്ങൾ മുതലായവ മേശപ്പുറത്തു വയ്ക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ട്. സഭ പാസ്സാക്കി അനുമതി ലഭിച്ച ആക്റ്റുകൾ തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽതന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കാനുള്ള കർശന വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സ്പീക്കർ പുറപ്പെടുവിച്ചിട്ടുള്ള 13-ാം നമ്പർ നിർദ്ദേശം പരിഷ്കരിച്ച് റൂളിംഗ് നൽകണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): മലയാളത്തിലുള്ള പ്രസ്തുത ബില്ലിന് ഗവർണറുടെ അനുമതി ലഭിച്ച് ഗസറ്റിൽ പ്രസിദ്ധീകരിച്ചെങ്കിലും ഇംഗ്ലീഷ് പരിഭാഷയ്ക്ക് പിന്നീടാണ് അനുമതി ലഭിച്ചത്. രണ്ടും ഒരുമിച്ച് സഭയിൽ സമർപ്പിക്കാമെന്ന് നിയമ വകുപ്പ് കരുതിയതിനാലാണ് കാലതാമസം നേരിട്ടത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 98, 99 എന്നിവയ്ക്കൊപ്പം ഗവർണറുടെ/രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്ന ആക്റ്റുകൾ സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി ചട്ടം ഭേദഗതി വരുത്തുന്നത് ഉചിതമായിരിക്കും.

**റൂളിംഗ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭിച്ച പ്രസ്തുത ആക്റ്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്കായി 2024 ജൂൺ 15-ാം തീയതി നിയമസഭയിൽ ലഭ്യമാക്കിയ വേളയിൽത്തന്നെ ഇക്കാര്യം ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയും ഇതുസംബന്ധിച്ച വിശദീകരണം നിയമ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഗവർണറുടെ അനുമതി ലഭിച്ച ഈ നിയമത്തിന്റെ മൂലഭാഷയായ മലയാളത്തിലുള്ള വിജ്ഞാപനം 2023 നവംബർ 15-ാം തീയതി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അതിന്റെ ഇംഗ്ലീഷിലുള്ള ആധികാരിക പകർപ്പുകൂടി പ്രസിദ്ധീകരിച്ചതിനുശേഷം ഒരുമിച്ച് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിലേക്ക് ലഭ്യമാക്കാമെന്ന് കരുതിയതുമൂലമാണ് കാലതാമസം നേരിട്ടതെന്നും ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചവരുത്തിയിട്ടില്ലെന്നും സംഭവിച്ച കാര്യങ്ങളിൽ ഖേദം രേഖപ്പെടുത്തുന്നതായും ഇത്തരം ഗുരുതര വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുന്നതാണെന്നും നിയമ വകുപ്പ് സെക്രട്ടറി അറിയിച്ചിരുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

സഭ പാസ്സാക്കിയ ഒരു ബിൽ നിയമമായി പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞാലുടൻ അക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേയ്ക്കായി എത്രയും വേഗം സഭയുടെ മേശപ്പുറത്തു വയ്ക്കുക എന്നത് 1989 മുതൽ സഭയിൽ നടന്നുവരുന്ന ഒരു നടപടിക്രമമാണ്. പ്രസ്തുത നടപടിക്രമം ചെയറിൽ നിന്നുള്ള മറ്റ് നിർദ്ദേശങ്ങളോടൊപ്പം നടപടി ചട്ടങ്ങളുടെ അനുബന്ധം I-ൽ പതിമൂന്നാമതായാണ് ചേർത്തിരിക്കുന്നത്. ദീർഘകാലമായി സഭയിൽ നിലനിൽക്കുന്ന ഒരു നടപടിക്രമവും സഭയുടെ അവകാശവുമാണ് ലംഘിക്കപ്പെട്ടിരിക്കുന്നത്.

ഭാവിയിൽ ഇതുപോലുള്ള ഗുരുതര വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ചെയറിന്റെ നിർദ്ദേശം പ്രത്യേകമായി പുറപ്പെടുവിക്കുന്നതും നടപടി ചട്ടങ്ങളുടെ ഭാഗമായി ചേർത്തിട്ടുള്ള അനുബന്ധം I-ൽ ഉൾപ്പെടുത്തുന്നതും ഇക്കാര്യം ഒരു ചട്ട വ്യവസ്ഥയായി നടപടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതുമാണ്.

## VII ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXV – പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം (2189,48,26,000 രൂപ)

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അധിവാസ കേന്ദ്രങ്ങളെ 'നഗർ ' എന്ന് നാമകരണം ചെയ്തതും നഗറുകൾ കേന്ദ്രീകരിച്ച് സേവ് ക്ലബ്ബുകൾ ആരംഭിച്ചതും പി.ജി, വിദേശ പഠന സ്കോളർഷിപ്പ് പദ്ധതിയിലെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിച്ചതും വരുമാന ഭേദമന്യേ എല്ലാ വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചതും ശ്ലാഘനീയമാണ്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. പഠനമുറി പദ്ധതിയിൽ 5 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തിയതും വഖഫ് ബോർഡിനുള്ള ധനസഹായം, ഹജ്ജ് കമ്മിറ്റിയുടെ ഗ്രാന്റ് എന്നിവ വർദ്ധിപ്പിക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ലംപ്സംഗ്രാന്റ്, ഇ-ഗ്രാന്റ്സ് എന്നിവ ലഭ്യമാക്കുന്നതിനും എല്ലാ കുട്ടികൾക്കും സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിന് ജില്ലാ/നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കുമാത്രമായി പ്രഭാത ഭക്ഷണ

പരിപാടി വെട്ടിച്ചുരുക്കിയ നടപടി പുനഃപരിശോധിക്കുകയും സൗജന്യ യൂണിഫോം/പാഠപുസ്തക വിതരണ പദ്ധതികൾ പുനഃസ്ഥാപിക്കുകയും വേണം. വയനാട് ചെതലയം ITSR (Institute of Tribal Studies and Research) -നെ ട്രൈബൽ യൂണിവേഴ്സിറ്റിയായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന പ്ലാൻ/കോർപ്പസ് ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് പദ്ധതികളാവിഷ്ക്കരിക്കണം. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി അന്യായമായി കൈവശം വച്ചിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. ട്രൈബൽ ഹോസ്റ്റലുകളെ ഹൈടെക്കാക്കി മാറ്റുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ചൂഷണത്തിന് വിധേയരാകുന്നത് തടയുന്നതിനും ചികിത്സാ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വിദ്യാവാഹിനി പദ്ധതി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സർവ്വതോൻമുഖമായ വികസനം സാധ്യമാകണമെങ്കിൽ പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ വികസനം ഉറപ്പാക്കണം. എസ്.സി/എസ്.ടി. വിഭാഗങ്ങൾ ഉൾപ്പെടെയുള്ളവർക്കുള്ള വിവിധ സഹായ

പദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നവകേരള മിഷൻ നടപ്പിലാക്കി വരുന്നത്. ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നീ പദ്ധതികൾ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ളവയാണ്. സംസ്ഥാന പദ്ധതി വിഹിതത്തിൽ ജനസംഖ്യാനുപാതികമായ തുക ഈ വിഭാഗത്തിനായി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയുള്ള ജില്ലയായി തിരുവനന്തപുരം മാറിയിട്ടുണ്ട്. ഒരേസമയം തൊഴിൽ സംരംഭകരും തൊഴിൽ ദാതാക്കളുമാകാൻ സഹായകരമാകുന്ന വിധത്തിൽ 'ഉന്നതി' പദ്ധതി രൂപീകരിച്ചത് സ്വാഗതാർഹമാണ്. പട്ടികവർഗ്ഗ കുടുംബങ്ങളുടെ ആധികാരിക രേഖകൾ ഡിജിറ്റൈസ് ചെയ്തുനൽകുന്ന എ.ബി.സി.ഡി. പദ്ധതി ഏറെ പ്രയോജനകരമാണ്. ഈ വിഭാഗങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളുടെ സംവരണാനുകൂല്യം സംബന്ധിച്ച ചട്ടം ഭേദഗതി ചെയ്യാത്തതും പാലോളി കമ്മിറ്റി ശിപാർശകൾ നിർത്തലാക്കിയതും പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചതും അപലപനീയമാണ്. നിലവിലുള്ള പദ്ധതികൾക്കാവശ്യമായ തുക വകയിരുത്തുന്നതോടൊപ്പം അത്

സമയബന്ധിതമായി ചെലവഴിക്കുന്നതിനും സാധിക്കണം. ആദിവാസി ക്ഷേമത്തിനായുള്ള പ്രഖ്യാപനങ്ങളും വാഗ്ദാനങ്ങളും നടപ്പാക്കാത്തതും ഭവനനിർമ്മാണ പദ്ധതികളുടെ പ്രയോജനം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലഭ്യമാക്കാത്തതും ഖേദകരമാണ്. കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ അട്ടപ്പാടിയിൽ വിവിധ പദ്ധതികളിലായി 250 കോടിയിലധികം രൂപ ചെലവഴിച്ചിട്ടും പട്ടികവർഗ്ഗ വിഭാഗത്തിന്റെ ജീവിതത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ലെന്ന നിയമസഭാ സമിതി റിപ്പോർട്ടിലെ കണ്ടെത്തലുകൾക്ക് പരിഹാരം കാണണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഒട്ടേറെ ക്ഷേമ പദ്ധതികൾ നടപ്പാക്കിയതും പട്ടികവിഭാഗക്കാർ താമസിച്ചിരുന്ന മേഖലകളെ 'നഗർ', 'ഉന്നതി' എന്നിങ്ങനെ നാമകരണം ചെയ്ത് ഉത്തരവിറക്കിയതും ശ്ലാഘനീയമാണ്. അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിന് 25 വീടുകൾ വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണം. മാനദണ്ഡങ്ങൾ പാലിക്കുന്ന പട്ടികജാതി വികസന ഓഫീസുകളെ 'എ' ഗ്രേഡാക്കി കൂടുതൽ ധനസഹായവും ആനുകൂല്യങ്ങളും ലഭ്യമാക്കണം. വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്

സ്കോളർഷിപ്പിനോടൊപ്പം ഫ്രീ ഷിപ്പ് സ്കീമുകൾ, വിംഗ്സ് പരിശീലനം, സിവിൽ സർവീസ് പരിശീലനം, പഠനമുറി പദ്ധതി എന്നിവ നടപ്പാക്കിയതും വിവാഹ ധനസഹായ പദ്ധതി നടപ്പാക്കിയതും എക്സൈസ്, വനം വകുപ്പിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയതും ഭൂരഹിതരായ പട്ടികവർഗ്ഗക്കാരില്ലാത്ത ആദ്യ ജില്ലയായി തിരുവനന്തപുരത്തെ മാറ്റിയതും അഭിനന്ദനാർഹമാണ്.

ശ്രീ. പി. ടി. എ. റഹീം: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ആരാധനാലയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള അനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ച നടപടി ശ്ലാഘനീയമാണ്. അന്യാധീനപ്പെട്ട വഖഫ് സ്വത്തുകൾ വീണ്ടെടുക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽനിന്നും ലഭ്യമാകുന്ന ഭൂമിക്ക് ഗുണഭോക്താക്കൾ നൽകേണ്ടിയിരുന്ന രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയതും സ്വാഗതാർഹമാണ്. ഭൂരഹിത പുനരധിവാസ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 70 വയസ്സാക്കിയതും വരുമാനപരിധി ഒരു ലക്ഷം രൂപയാക്കിയതും ഭവനനിർമ്മാണം, ചികിത്സ, പെൺകുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം എന്നീ ആവശ്യങ്ങൾക്കായി ഭൂമി പണയപ്പെടുത്തുന്നതിന് അനുമതി നൽകിയതും ഭൂരഹിതരായ

പട്ടികവർഗ്ഗക്കാരില്ലാത്ത ആദ്യ ജില്ലയായി തിരുവനന്തപുരത്തെ മാറ്റിയതും അഭിനന്ദനാർഹമാണ്. അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിർവ്വഹണ ഏജൻസികളെ മാറ്റി ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ പ്രാതിനിധ്യം നൽകാൻ നടപടി സ്വീകരിക്കണം. കേരളത്തിലെ മുസ്ലീം വിഭാഗം സാമൂഹ്യ-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ ഇതര വിഭാഗങ്ങളേക്കാൾ പിന്നോക്കാവസ്ഥയിലാണെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസം, സാമൂഹ്യസുരക്ഷിതത്വം, പശ്ചാത്തല സൗകര്യ വികസനം ഉൾപ്പെടെയുള്ള മേഖലകളിൽ സർക്കാർ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയത്.

<u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ടവർക്ക് ക്ഷേത്രങ്ങളിൽ ശാന്തിയായി നിയമനം നൽകിയത് ഗവൺമെന്റിന്റെ ഇച്ഛാശക്തിക്ക് ഉദാഹരണമാണ്. പട്ടികവിഭാഗത്തിലെ അഭ്യസ്തവിദ്യരെ തൊഴിൽ സംരംഭകരാക്കാൻ കേരള എംപവർമെന്റ് സൊസൈറ്റിയും സ്റ്റാർട്ടപ്പ് സംരംഭങ്ങളെ പിന്തുണയ്ക്കാൻ സ്റ്റാർട്ടപ് സിറ്റി പദ്ധതിയും സർക്കാർ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങളിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങളെ പങ്കാളികളാക്കി ഓണറേറിയത്തോടുകൂടി പരിശീലനവും പ്രവൃത്തിപരിചയവും

ലഭ്യമാക്കാൻ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. നിയമ ബിരുദധാരികളായ പട്ടികവിഭാഗത്തിലെ യുവതീ-യുവാക്കൾക്ക് ജ്വാല പദ്ധതിയിലൂടെ പരിശീലനവും ഐ.ഐ.ടി., ഐ.ഐ.എം. പോലെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിലും പുതുതലമുറ കോഴ്സുകൾക്ക് സ്കോളർഷിപ്പും ഫീസുകൾ മുൻകൂട്ടി അടയ്ക്കാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാൻ ഫ്രീഷിപ്പ് കാർഡും സിവിൽ സർവ്വീസിന് പ്രത്യേക പരിശീലനവും 717-ലധികം പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള അവസരവും ലഭ്യമാക്കിയിട്ടുണ്ട്. വിംഗ്സ് പദ്ധതി മുഖേന 150 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർത്തലാക്കിയ രണ്ടര ലക്ഷം രൂപയിലധികം വാർഷികവരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പും ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിലെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും സംസ്ഥാന സർക്കാർ പുനഃസ്ഥാപിച്ചിട്ടുണ്ട്. സേഫ് പദ്ധതിയിലൂടെ സുരക്ഷിതവും അടിസ്ഥാന സൗകര്യങ്ങളോടുകൂടിയതുമായ 17829 വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. സ്വകാര്യ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ പട്ടികവിഭാഗ സംവരണം ഏർപ്പെടുത്തണം.

<u>ശ്രീമതി ഒ. എസ്. അംബിക</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പുനരധിവാസ പദ്ധതിയുടെ പ്രായപരിധി 70 വയസ്സായും വരുമാന പരിധി ഒരു ലക്ഷം രൂപയായും ഉയർത്തിയ നടപടി അഭിനന്ദനാർഹമാണ്. പട്ടികജാതിയിലെ ദുർബല ജനവിഭാഗക്കാർക്ക് ഭൂമിയോടൊപ്പം പാർപ്പിടമൊരുക്കാൻ 7.5 ലക്ഷം രൂപയും തൊഴിൽ സംരംഭങ്ങളാരംഭിക്കാൻ അഞ്ച് ലക്ഷം രൂപ വരെയും നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. പുനരധിവാസ പദ്ധതി പ്രകാരം ലഭിച്ച ഭൂമി സർക്കാർ അനുമതിയോടെ പണയപ്പെടുത്തി വായ്പയെടുക്കാൻ അനുവാദം നൽകിയ നടപടി ശ്ലാഘനീയമാണ്. പട്ടികവിഭാഗങ്ങളിലെ അഭ്യസ്തവിദ്യരെ സർക്കാർ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കി ഓണറേറിയത്തോടുകൂടി പരിശീലനവും പ്രവൃത്തിപരിചയവും ലഭ്യമാക്കാനുള്ള ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) പദ്ധതി വലിയ പ്രതീക്ഷ നൽകുന്നതാണ്. പി.എസ്.സി.-യുടെ പ്രത്യേക നിയമന നടപടിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയ പട്ടികവിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വരുമാനപരിധിയില്ലാതെ അനുവദിക്കുമെന്ന പ്രഖ്യാപനവും ഐ.ഐ.ടി.,

ഐ.ഐ.എം., ചാർട്ടേഡ് അക്കൗണ്ടന്റ്, കമ്പനി സെക്രട്ടറി മുതലയായ കോഴ്സുകൾ പഠിക്കുന്ന പട്ടികവിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തിയതും അഭിനന്ദനാർഹമാണ്. വിംഗ്സ് പദ്ധതിയിലൂടെ പട്ടികവിഭാഗക്കാർക്ക് എയർലൈനുകളിൽ ജോലി ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായവും മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്കുള്ള സഹായധനവും വീടുകളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായവും വർദ്ധിപ്പിച്ച നടപടിയെ സ്വാഗതം ചെയ്യുന്നു. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതും മെസ് അലവൻസ് വർദ്ധിപ്പിച്ചതും റസിഡന്റ് ട്യൂട്ടർമാരെ നിയമിച്ചതും സ്പെഷ്യൽ ഇൻസെന്റീവും വിദ്യാഭ്യാസ ആനുകൂല്യവും വർദ്ധിപ്പിച്ചതും ഗവേഷണത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്തിയതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഫ്ലാറ്റ് അനുവദിക്കുന്നതിലൂടെ അവരുടെ ഭൂമി എന്ന അവകാശത്തെ ഹനിക്കുകയും പിൻവാതിൽ നിയമനങ്ങൾ നടത്തി സംവരണം നിഷേധിക്കുകയും

എസ്.സി.എസ്.പി/റ്റി.എസ്.പി ഫണ്ടിൽ കുറവ് വരുത്തുന്ന സ്ഥിതിയുമാണുള്ളത്. എസ്.സി/എസ്.ടി ഫണ്ട് ദുരുപയോഗം തടയുന്നതിന് നിയമനിർമ്മാണം നടത്തുകയും ഇ-ഗ്രാന്റ്സ് സമയബന്ധിതമായി നൽകുകയും വേണം. ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നതിന് സർക്കാർ തയ്യാറാകണം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റലുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും കൂടുതൽ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുകയും വേണം. സംരംഭങ്ങൾ ആരംഭിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ അനുവദിക്കുന്ന വായ്പയ്ക്ക് നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി ഒഴിവാക്കുകയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് തൊഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും വേണം.

ശ്രീ. കെ. എം. സച്ചിൻദേവ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികവാർന്ന വിദ്യാഭ്യാസവും തൊഴിലും നൽകി സമൂഹത്തിന്റെ ഉന്നതിയിലേയ്ക്ക് കൊണ്ടുവരാനാണ്

സർക്കാർ ശ്രമിക്കുന്നത്. പഠനമുറി സംവിധാനം വിപുലപ്പെടുത്തിയതും വിദേശ വിദ്യാഭ്യാസം പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാപ്യമാക്കിയതും ശ്ലാഘനീയമാണ്. വനാശ്രിത സമൂഹത്തെ വനസംരക്ഷണത്തിനും വനമേഖലയിലെ വ്യത്യസ്തമായ തൊഴിൽ രംഗങ്ങളിലും വിന്യസിക്കാൻ സാധിച്ചത് അഭിമാനകരമാണ്. പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കിയതും ഭവന നിർമ്മാണത്തിന് തുക അനുവദിച്ചതും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആധികാരിക രേഖകൾ ഡിജിറ്റൈസ് ചെയ്തതും ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതും അഭിനന്ദനാർഹമാണ്.

<u>ശ്രീമതി ശാന്തകുമാരി. കെ.</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ആരംഭിച്ച പാലക്കാട് മെഡിക്കൽ കോളേജിനെ എയിംസിന്റെ നിലവാരത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട എം.എൽ.എ.-മാരെ ഉൾപ്പെടുത്താനുമുള്ള നടപടി സ്വീകരിക്കണം. പരമാവധി ആളുകൾക്ക് ധനസഹായം ലഭ്യമാകുന്ന തരത്തിൽ എസ്.സി./എസ്.ടി. കോർപ്പറേഷന്റെ

പ്രവർത്തനം വിപുലപ്പെടുത്തണം. മിച്ചഭൂമിയും പാട്ടക്കാലാവധി അവസാനിച്ച ഭൂമിയും തിരിച്ചുപിടിച്ച് ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കും പാവപ്പെട്ടവർക്കും നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗക്കാർക്ക് സംവരണം ഏർപ്പെടുത്തണം.

ശ്രീ. ജി. സ്റ്റീഫൻ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ-ന്യൂനപക്ഷ വിഭാഗങ്ങളെ ചേർത്തുപിടിക്കുന്ന സർക്കാരാണിത്. രണ്ടുവർഷത്തിനുള്ളിൽ ഭൂരഹിത/ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയും വീടും നൽകുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസം, സ്വയംസംരംഭകത്വ വികസനം, നൈപുണ്യ പരിപോഷണം എന്നിവയ്ക്ക് പ്രഥമപരിഗണനയാണ് നൽകുന്നത്. പട്ടികജാതി വിഭാഗങ്ങൾക്ക് തത്തുല്യമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ പരിവർത്തിത ജനവിഭാഗങ്ങൾക്കും നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. എസ്.സി./എസ്.ടി./ പിന്നോക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടെ വിദേശ സർവ്വകലാശാലകളിൽ പഠിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്. 'കെടാവിളക്ക്' പദ്ധതിയിലുൾപ്പെടുത്തി ഒന്ന് മുതൽ എട്ട് വരെ ക്ലാസുകളിലെ

കുട്ടികൾക്ക് സ്കോളർഷിപ്പ് പുനഃസ്ഥാപിച്ച് നൽകിയതും മെഡിക്കൽ/ അനുബന്ധ കോഴ്സുകൾക്ക് പഠിക്കുന്ന മാതാവോ പിതാവോ രണ്ടുപേരുമോ ഇല്ലാത്ത ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് 50000 രൂപ സ്കോളർഷിപ്പ് അനുവദിച്ചതും അഭിനന്ദനാർഹമാണ്. ഭൂരിഭാഗം പട്ടികവർഗ്ഗ കേന്ദ്രങ്ങളിലും ഇന്റർനെറ്റ് സൗകര്യമെത്തിച്ചതും വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി പരിഗണിച്ചതും സ്വാഗതാഹർമാണ്. സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ-സാമ്പത്തിക പിന്നോക്കാവസ്ഥ പഠിക്കുന്നതിനുവേണ്ടി നിയോഗിച്ച കമ്മീഷന്റെ ശിപാർശകൾ അടിയന്തരമായി നടപ്പിലാക്കണം. ആദിവാസി വിഭാഗങ്ങൾ ഒരുമിച്ച് താമസിക്കുന്ന പ്രദേശങ്ങളെ 'നഗറുകളാ'ക്കി മാറ്റുന്നതും ക്ഷേത്രങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവരെ പൂജാരിമാരായി നിയമിച്ചതും പുരോഗമനപരമായ തീരുമാനങ്ങളാണ്. പൈലറ്റ് പരിശീലനത്തിനായി 'വിംഗ്സ്' പദ്ധതി പ്രകാരം എസ്.സി./എസ്.ടി./ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 33 ലക്ഷം രൂപ സ്കോളർഷിപ്പായി നൽകുന്നുണ്ട്. പട്ടികവർഗ്ഗമേഖലയിൽ നിന്നും 500 പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുകയും ട്രൈബൽ പ്ലസ് പദ്ധതിപ്രകാരം എട്ട് വർഷം കൊണ്ട് എസ്.ടി.

വിഭാഗത്തിൽപ്പെട്ടവർക്ക് 5318521 തൊഴിൽദിനങ്ങൾ അധികമായി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ സമൂഹത്തിന്റെ ഉന്നതതലങ്ങളിലേയ്ക്ക് കൊണ്ടുവരുന്ന ഗവൺമെന്റാണിത്. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളിലെ 59 വയസ്സിനുതാഴെ പ്രായമുള്ള കുടുംബനാഥൻ മരണപ്പെട്ടാൽ ആശ്രിതർക്ക് നൽകുന്ന ധനസഹായം കാലവിളംബം കൂടാതെ ലഭ്യമാക്കുകയും ചികിത്സാ/ഭവനനിർമ്മാണ ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കുകയും ചെയ്യണം. ഭൂരഹിതരായ ജനവിഭാഗങ്ങൾക്ക് ഭൂമി നൽകാനും അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാനും സ്വയം പര്യാപ്ത അംബേദ്കർ ഗ്രാമം പദ്ധതിയുടെ തുക വർദ്ധിപ്പിക്കാനും എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കാനും നടപടി സ്വീകരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പാക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗം താമസിക്കുന്ന കോളനികളുടെ പേര് മാറ്റുന്നതോടൊപ്പം അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക്

ഉയർത്തിക്കൊണ്ടുവരാനാവശ്യമായ നടപടി സ്വീകരിക്കണം. 'പട്ടികജാതി/പട്ടികവർഗ്ഗം' എന്ന പേരിൽ മാറ്റം വരുത്തണം. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അനുവദിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിക്കാത്തത് പ്രതിഷേധാർഹമാണ്. വഖഫ് ബോർഡിന്റെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കണം. കാസർഗോഡ് പ്രഖ്യാപിച്ച പിങ്ക് സ്റ്റേഡിയം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം. വഖഫ് ബോർഡിന്റെ അധീനതയിലുള്ള ചെറായി ബീച്ചിലെ ഭൂമിക്ക് നികുതി ഒടുക്കാൻ സ്വകാര്യ വ്യക്തികൾക്ക് അനുവാദം നൽകിയത് പുനഃപരിശോധിക്കണം.

ശ്രീ. വി. ആർ. സുനിൽ കുമാർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. 2026-നകം എല്ലാവർക്കും ഭൂമിയും വീടും നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുള്ളതും 'സേഫ്' പദ്ധതിയിലൂടെ 17829 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതും അഭിനന്ദനാർഹമാണ്. പട്ടികജാതി/പട്ടികവർഗ്ഗം ഉൾപ്പെടെയുള്ള പിന്നാക്ക വിഭാഗത്തിലെ കുട്ടികൾക്ക് കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് നേടുന്നതിന് 'വിംഗ്സ്' പദ്ധതി നടപ്പിലാക്കിയതും വിവാഹ ധനസഹായം പട്ടികജാതി പെൺകുട്ടികൾക്ക് 1.25 ലക്ഷം

രൂപയായും പട്ടികവർഗ്ഗക്കാർക്ക് 1.50 ലക്ഷം രൂപയായും ഉയർത്തിയതും സ്വാഗതാർഹമാണ്.

ശ്രീ. പി. പി. സുമോദ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി വിഭാഗങ്ങളെ അടിസ്ഥാനപരമായി ഉയർത്തിക്കൊണ്ടുവരാനുള്ള സർക്കാരിന്റെ ശ്രമങ്ങളെ സ്വാഗതം ചെയ്യുന്നു. 'വിംഗ്സ്' പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് എയർ ഹോസ്റ്റസ് ആകുന്നതിനും കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കരസ്ഥമാക്കാനും സാധിച്ചത് അഭിമാനകരമാണ്. കഴിഞ്ഞ എട്ട് വർഷത്തിനിടയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട 717 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പോടുകൂടി വിദേശ സർവകലാശാലകളിൽ പഠിക്കാൻ അവസരമൊരുക്കിയിട്ടുണ്ട്. പഠനമുറി പദ്ധതിയിലൂടെ 5 മുതൽ 12-ാം ക്ലാസുവരെയുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ആയിരക്കണക്കിന് കുട്ടികൾക്ക് പഠിക്കുന്നതിന് വീടുകളിൽ അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുകയും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ മികച്ച വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ എൻ ഊര്-ഗോത്ര പൈതൃകഗ്രാമം പദ്ധതി സംസ്ഥാനത്താകെ വ്യാപിപ്പിക്കണം. ഇടമലക്കുടി പഞ്ചായത്തിലെ റോഡ് നവീകരണത്തിന്

തുക അനുവദിച്ചതും 40 കിലോമീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ച് ബി.എസ്.എൻ.എൽ. സൗകര്യം ഏർപ്പെടുത്തിയതും ശ്ലാഘനീയമാണ്. പാലക്കാട് മെഡിക്കൽ കോളേജിൽ കൂടുതൽ ജീവനക്കാരെയും അധ്യാപകരുൾപ്പെടെയുള്ള ഡോക്ടർമാരെയും വിന്യസിക്കാനും ഹോസ്പിറ്റൽ ഡെവലപ്മെന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽ പട്ടികജാതിയിൽപ്പെട്ട എം.എൽ.എ.-മാരെ ഉൾപ്പെടുത്താനും നടപടി സ്വീകരിക്കണം. വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കാനും കാവശ്ശേരി പഞ്ചായത്തിലെ കെൽപാം റൈസ് മിൽ പ്രവർത്തനസജ്ജമാക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. പിന്നാക്കവിഭാഗങ്ങളുടെ ക്ഷേമത്തിനുതകുന്ന പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കണം. പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്നവരെ സംരക്ഷിക്കാനുള്ള ശ്രമമുണ്ടാകണം. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ജനവിഭാഗത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണം. ദേവസ്വം ബോർഡിനുകീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംവരണം നടപ്പിലാക്കുന്നതിന് നിയമഭേദഗതി വരുത്തേണ്ടതാണ്. ലൈഫ് മിഷൻ

പദ്ധതിയിൽ എസ്.സി/എസ്.ടി.-വിഭാഗങ്ങൾക്കുകൂടി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ.കേളു): സാർവ്വത്രിക വിദ്യാഭ്യാസം, ജനകീയാസൂത്രണം, നവകേരള മിഷൻ തുടങ്ങി വിവിധ പദ്ധതികളിലൂടെ കാലഘട്ടത്തിനനുസൃതമായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ മുന്നോട്ട് നയിക്കുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമിയില്ലാത്തവർക്ക് കുറഞ്ഞത് അഞ്ച് സെന്റ് ഭൂമിയെങ്കിലും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആദിവാസി സമൂഹം കൈവശം വച്ചിട്ടുള്ളതും വനേതരപ്രദേശങ്ങളിലും മിച്ചഭൂമികളിലും താമസിക്കുന്നവരുടെ ഭൂമിക്കും കൈവശ രേഖകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മന്ദഗതിയിലായിരുന്ന അംബേദ്കർ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി വീടുകൾ നൽകുന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പണി തീരാത്ത വീടുകൾ സേഫ്

പദ്ധതിവഴി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് വീടിനോട് ചേർന്ന് പഠനമുറി ഒരുക്കുന്നതിനുള്ള നടപടി നടപ്പിലാക്കിയിട്ടുണ്ട്. പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ട ആദിവാസി വിഭാഗക്കാർക്ക് അവ തിരിച്ചെടുക്കുന്നതിനുള്ള എ.ബി.സി.ഡി. പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. തൊഴിൽ പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട് വിവിധ സംരംഭകത്വ പദ്ധതികൾ നടപ്പാക്കുകയും കെ-ഡിസ്ക് മുഖേന എല്ലാവർക്കും തൊഴിലും വരുമാനവും എന്ന പോളിസിയിൽ ടി വിഭാഗത്തിനെയും ഉൾപ്പെടുത്തി സ്കിൽ ട്രെയിനിംഗ് നൽകി തൊഴിൽ മേഖലയിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്യുന്നുണ്ട്. 500 പേർക്ക് പരിശീലനം നൽകി വനം വകുപ്പിൽ ജോലി ലഭ്യമാക്കുകയും എക്സൈസ് വകുപ്പിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക സഹായത്തോടെ വിദേശ യൂണിവേഴ്സിറ്റികളിൽ കുട്ടികളെ പഠിപ്പിച്ച് അവിടെത്തന്നെ പ്ലെയ്സ്മെന്റ് ലഭ്യമാകുന്നതിനുള്ള സാഹചര്യമൊരുക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഐ.എ.എസ്./ഐ.പി.എസ്./ ഐ.ആർ.എസ്. കോച്ചിംഗുകൾ സൗജന്യമായി നൽകുകയും വിദ്യാവാഹിനി, പ്രഭാതഭക്ഷണം, സ്കൂൾ യൂണിഫോം എന്നീ പദ്ധതികൾ നടപ്പിലാക്കുകയും

ചെയ്തു. ഗതാഗത വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതി വിദ്യാവാഹിനി പദ്ധതിയുമായി ലിങ്ക് ചെയ്യുന്ന വിഷയം പരിശോധനയിലാണ്. ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം 200 തൊഴിൽദിനങ്ങൾ നൽകുന്നതിനും കുട്ടികൾക്ക് പൈലറ്റ്/എയർഹോസ്റ്റസ് എന്നിവയിൽ പരിശീലനം നൽകുന്നതിനും എം.ആർ.എസ്. ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്ക് മെസ് ഫീസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. എൻ ഊര് ഗോത്ര പൈതൃക ഗ്രാമം പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിലൂടെ യുവതീ-യുവാക്കൾക്ക് തൊഴിലും വരുമാനവുമുണ്ടാക്കാൻ സാധിക്കും. എല്ലാ പട്ടികവർഗ്ഗ വിഭാഗക്കാരുടെയും വീടുകളിൽ വൈദ്യുതിയെത്തിക്കുക എന്ന ലക്ഷ്യം നടപ്പാക്കും. ആറളം ഫാമിലെ ആന ശല്യം പരിഹരിക്കുന്നതിനും ഇടമലക്കുടി പഞ്ചായത്തിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കാറ്റാടി, കൈത്താങ്ങ് തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): അർഹരായ എല്ലാ ന്യൂനപക്ഷ വിഭാഗം വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് കൃത്യമായി വിതരണം ചെയ്യുന്നുണ്ട്. എൻ.ഐ.സി.യുടെ പോർട്ടൽ 2022-23-ൽ ഹാക്ക് ചെയ്തതുകൊണ്ട് സുരക്ഷാ പരിശോധനയ്ക്കുശേഷം ഫെബ്രുവരിയിലാണ് സ്കോളർഷിപ്പ് വിതരണം തുടങ്ങിയത്. ഏതെങ്കിലും വിഭാഗത്തിൽ അപേക്ഷകളില്ലെങ്കിൽ മറ്റൊരു വിഭാഗത്തിന് കൊടുക്കാൻ കഴിയില്ല. PMJVK പദ്ധതിപ്രകാരം മലപ്പുറം താലൂക്ക് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. പാലോളി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സെക്രട്ടറിതല കമ്മിറ്റി രൂപീകരിക്കുകയും അതുസംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി 24 പരിശീലന കേന്ദ്രങ്ങളും 32 ഉപകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് 11 പരിശീലന കേന്ദ്രങ്ങൾകൂടി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജില്ലാ ആസ്ഥാനങ്ങളിൽ ന്യൂനപക്ഷ കമ്മീഷന്റെ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. ഇതുമായി

ബന്ധപ്പെട്ട് സർക്കാർ കൂടുതൽ ഗ്യാരണ്ടി ഫണ്ട് അനുവദിക്കുകയും കേന്ദ്രസർക്കാരിൽനിന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. മദ്രസ അധ്യാപകർക്ക് ക്ഷേമനിധി മുഖേനയാണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഇടപെടൽ നടത്തുകയും മൂന്ന് ഹജ്ജ് എംബാർക്കേഷൻ പോയിന്റുകളിലും പരാതിരഹിതമായി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 259 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ച പൊതു ഉത്തരവിന്റെ അടിസ്ഥാനത്തിൽ 262 കേസുകൾ അവസാനിപ്പിക്കുകയും ഒരു കേസ് അന്വേഷണഘട്ടത്തിലുമാണ്. വഖഫ് ഭൂമിയുമായി ബന്ധപ്പെട്ട കേസുകളിൽ സി.ബി.ഐ. അന്വേഷണം നടന്നുവരികയാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപം 25-നെതിരെ 66 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

<u>ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർത്ഥനകൾ</u>

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു. പ്രസ്തുത ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## VII നിയമനിർമ്മാണകാര്യം

### <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള കേരള നികുതി വസൂലാക്കൽ(ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ കൈവശം വച്ചിരിക്കുന്ന അല്ലെങ്കിൽ വകുപ്പ് 71 പ്രകാരം നോട്ടിഫൈ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ വായ്പ എടുത്ത വ്യക്തി അഞ്ച് വർഷത്തിനുള്ളിൽ മരണപ്പെട്ടാൽ ടിയാന്റെ അവകാശികൾക്ക് ടി വസ്തു നിയമാനുസൃതം തിരികെ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതാണ്. ഭൂരഹിതനായ കുടിശ്ശികക്കാരന് ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ/സ്ഥാപനം ഏറ്റെടുത്ത വസ്തുവിന്മേലുള്ള കുടിശ്ശിക പൂർണ്ണമായും അഞ്ച് വർഷത്തിനുള്ളിൽ ഒടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ, അയാൾ അപേക്ഷിക്കുന്നപക്ഷം ടി കാലയളവിനുള്ളിൽ അയാൾ ഒടുക്കിയ തുകയ്ക്ക് ആനുപാതികമായ വസ്തു മടക്കിനൽകുവാൻ കൂടി വ്യവസ്ഥ ചെയ്യാവുന്നതാണ്. അഞ്ച് ലക്ഷം രൂപ വരെയുള്ള കുടിശ്ശികയ്ക്ക് ഗ്രാമങ്ങളിൽ ഒരേക്കറും നഗരങ്ങളിൽ 50 സെന്റും വരെയുള്ള കൃഷി ഭൂമികളെ ജപ്തിയിൽ നിന്നും ഒഴിവാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണ്. കുടിശ്ശികക്കാരന്റെ ജപ്തി ചെയ്യേണ്ടുന്ന വസ്തു ആളുടെ ഏക കിടപ്പാടവും ആയത് 1000 ചതുരശ്ര അടിയിൽ കുറവുമാണെങ്കിൽ ജപ്തി പാടില്ലെന്ന വ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണ്. ചെറുകിട കച്ചവടക്കാരുടെയും ചെറുകിട

കർഷകരുടെയും സ്ഥാപനങ്ങളെയും കൃഷി ഭൂമിയെയും ജപ്തിയിൽനിന്നൊഴിവാക്കി പകരം സംവിധാനങ്ങൾ കൊണ്ടുവരുന്നതിനുള്ള വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തണം. ബില്ലിലെ ക്ലാസ്-5(3)ൽ "ഫെയർവാല്യൂ" എന്നത് "മാർക്കറ്റ് വാല്യൂ" എന്ന് മാറ്റുന്നതായിരിക്കും ഉചിതം. റവന്യൂ ഓഫീസുകളിലെ ജീവനക്കാരുടെ കുറവും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഓഫീസ് ഉപകരണങ്ങളുടെ അപര്യാപ്തതയും പരിഹരിക്കണം.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബിൽ സ്വാഗതാർഹമാണെങ്കിലും കുടിശ്ശികക്കാർക്ക് ആശ്വാസം പകരുന്ന വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. സർവ്വേയർമാരുടെ കുറവ് പരിഹരിച്ച് എൽ.ആർ.എം. പരാതികൾ തീർപ്പാക്കണം. ഭൂമി തരം മാറ്റൽ, പട്ടയ വിതരണം എന്നിവ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ചാണ്ടി ഉമ്മൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>(ശ്രീ. ടി. സിദ്ദിഖ്):</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭൂരഹിതനായ കുടിശ്ശികക്കാരന് ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത വസ്തുവിന്മേലുള്ള

കുടിശ്ശിക പൂർണ്ണമായും അഞ്ചുവർഷത്തിനകം തിരിച്ചടക്കാൻ കഴിയാതെ വന്നാൽ ആ കാലയളവിനുള്ളിൽ അടച്ച തുകയ്ക്കാനുപാതികമായ വസ്തു തിരിച്ചുനൽകാനുള്ള നടപടിയുണ്ടാകണം. കുടിശ്ശിക അടച്ചുതീർക്കുമ്പോൾ ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് ഒരു ശതമാനമായി കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം. ബില്ലിൽ പൊതു നികുതി കുടിശ്ശികയ്ക്കുള്ള പലിശ ഒമ്പത് ശതമാനമായി കുറച്ചിട്ടുള്ളതിനാൽ ആക്റ്റിലെ എഴുപത്തിയൊന്നാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനവും കുടിശ്ശികക്കാരനും തമ്മിലുണ്ടാക്കിയിട്ടുള്ള കരാർ പ്രകാരമുള്ള പലിശ നിരക്കും ഒമ്പത് ശതമാനത്തേക്കാൾ അധികരിക്കാൻ പാടില്ലെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തണം. ജപ്തി ചെയ്യുന്ന വസ്തു കുടിശ്ശികക്കാരന്റെ ഏക കിടപ്പാടവും ആയിരം ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണവുമുള്ളതാണെങ്കിൽ ജപ്തി ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. അഞ്ചുലക്ഷം രൂപ വരെ കുടിശ്ശികയുള്ള കേസുകളിൽ ഗ്രാമങ്ങളിൽ ഒരു ഏക്കറും നഗരത്തിൽ 50 സെന്റും വരെ കൃഷി ഭൂമിയുള്ള ചെറുകിട കർഷകരെ റവന്യൂ റിക്കവറി നടപടികളിൽനിന്നും ഒഴിവാക്കണം. കുടിശ്ശിക തിരിച്ചടവിന് ഇരുപത്തിയഞ്ചിലധികം തവണ അനുവദിക്കണം.

ശ്രീമതി യു. പ്രതിഭ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ഡി. പ്രസേനൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജപ്തി നടപടികൾ താൽക്കാലികമായി തടഞ്ഞുവയ്ക്കാനും കുടിശ്ശികയിൽ ഇളവനുവദിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. റവന്യൂ റിക്കവറി നടപടികൾ റദ്ദ് ചെയ്യാനും കുടിശ്ശിക ഗഡുക്കളായി ഒടുക്കാനും പിഴപ്പലിശ ഒമ്പത് ശതമാനമായി കുറയ്ക്കാനും പലിശയിളവുകൾ നൽകാനും ബോട്ട്-ഇൻ-ലാൻഡ് സർക്കാരിന് ഒരു രൂപയ്ക്ക് ഏറ്റെടുക്കാനും ഭൂമി തിരിച്ചുപിടിക്കാൻ ഉടമകൾക്ക് അഞ്ചുവർഷത്തെ സമയം നൽകാനും കുടിശ്ശികത്തുകയ്ക്ക് ആനുപാതികമായ വസ്തുമാത്രം ജപ്തി ചെയ്യാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വേ, പട്ടയ വിതരണം തുടങ്ങി ജനോപകാരപ്രദമായ നടപടികളുമായി മുന്നോട്ടുപോകുന്ന വകുപ്പിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ജപ്തി നടപടികളുമായി ബന്ധപ്പെട്ട് സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന കാഴ്ചപ്പാടോടെയാണ് ബില്ലിൽ ഭേദഗതി

കൊണ്ടുവന്നിട്ടുള്ളത്. കുടിശ്ശികക്കാരന് അഞ്ചുവർഷത്തിനുള്ളിൽ പണമടച്ച് ബോട്ട്-ഇൻ-ലാൻഡ് തിരിച്ചെടുക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിൽ കളക്ഷൻ ചാർജ് ഈടാക്കാമെന്നാണ് ബില്ലിൽ പരാമർശിച്ചിട്ടുള്ളത്. പൊതുനികുതി കുടിശ്ശികയ്ക്കുള്ള പലിശ നിരക്ക് ഒമ്പത് ശതമാനമായി കുറയ്ക്കാനും അതിലധികമായാൽ കരാർ നിലനിൽക്കില്ലെന്നുമുള്ള ഭേദഗതികളാണ് 6-ാം വകുപ്പിൽ കൊണ്ടുവന്നിട്ടുള്ളത്. മറ്റൊരു ജില്ലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ജപ്തി നടപടികൾ അനന്തമായി നീണ്ടുപോകുന്നത് തടയാൻ വേണ്ടിയാണ് കുടിശ്ശികത്തുക കാലഹരണപ്പെടുന്നതിനുമുമ്പുതന്നെ കുടിശ്ശിക സർട്ടിഫിക്കറ്റ് ജില്ലാ കളക്ടർക്ക് അയച്ചുകൊടുക്കണമെന്ന വ്യവസ്ഥ 69-ാം വകുപ്പിൽ ഉൾപ്പെടുത്തിയത്. 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിലെ 36-ാം വകുപ്പിന്റെ ഭേദഗതി പ്രകാരം ജപ്തി നടപടികൾക്കായി ഒരു ഭൂമി ഏറ്റെടുത്താൽ ആ ഭൂമിയുടെ വില കുടിശ്ശിക തുകയേക്കാൾ കൂടുതലാണെങ്കിൽ കളക്ടർക്ക് പ്രത്യേക അപേക്ഷ നൽകാവുന്നതും ആവശ്യമായ ഭൂമിയിൽ ജപ്തി നടപടി പരിമിതപ്പെടുത്താവുന്നതുമാണ്. 44-ാം വകുപ്പിന്റെ ഭേദഗതി പ്രകാരം

വീഴ്ചക്കാരനും വസ്തുവാങ്ങുന്ന ആളും സംയുക്തമായി സമർപ്പിക്കുന്ന അപേക്ഷയിൽ, കളക്ടറിൽനിന്ന് അനുമതി ലഭിച്ചതിനുശേഷം ജപ്തി ചെയ്തിരിക്കുന്ന സ്ഥാവര വസ്തു പൂർണ്ണമായോ ഭാഗികമായോ വിൽക്കുന്നതിനുള്ള കരാർ ഉണ്ടാക്കാൻ വീഴ്ചക്കാരനെ അനുവദിക്കാവുന്നതാണ്. ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ/സ്ഥാപനം ഏറ്റെടുക്കുന്ന വസ്തുവിന്മേലുള്ള കുടിശ്ശിക പൂർണ്ണമായും അഞ്ച് വർഷത്തിനുള്ളിൽ ഒടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ ലഭ്യമാക്കിയ തുകയ്ക്കാനുപാതികമായ വസ്തു മടക്കി നൽകാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒരു സ്ഥാവര വസ്തു സർക്കാരിന്റേയോ/ സ്ഥാപനത്തിന്റേയോ പേരിൽ ലേലം ഏറ്റെടുത്താൽ ജില്ലാ കളക്ടർ പ്രസ്തുത വസ്തുവിന്റെ മൂല്യം നിബന്ധനകൾക്ക് വിധേയമായി നിശ്ചയിച്ച് പ്രസ്തുത തുക കുടിശ്ശികയിൽനിന്ന് കുറവ് വരുത്തേണ്ടതാണ്. സെയിൽസ് കൺഫർമേഷൻ നടത്തിയ തീയതി മുതൽ അഞ്ചുവർഷത്തിനുള്ളിൽ കുടിശ്ശികക്കാരന് മുഴുവൻ കുടിശ്ശികയും പ്രോസസ്സിംഗ് ചാർജും പലിശയും ചേർന്ന തുക ജില്ലാ കളക്ടറുടെ അനുമതിയോടെ ഒടുക്കി ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത വസ്തു തിരികെ ലഭിക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്. ബോട്ട്-ഇൻ-ലാൻഡ് ആയി ഏറ്റെടുത്ത വസ്തുവിന്റെ കുടിശ്ശികക്കാരൻ മരണപ്പെട്ടാൽ

നിയമപരമായ കാര്യങ്ങൾക്ക് അയാളുടെ അവകാശികൾക്ക് ഇടപെടാൻ അവസരം നൽകുന്നതാണ്. കൊടയ്ക്കൽ ടൈൽസ് ഫാക്ടറിയുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതാണ്. പട്ടയ മിഷൻ കേരളത്തിൽ ആരംഭിക്കുകയും മൂന്നേകാൽ ലക്ഷത്തോളം പട്ടയം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ലാൻഡ് അസൈൻമെന്റുമായി ബന്ധപ്പെട്ടും പഞ്ചായത്തുതലങ്ങളിലെ റോഡ് പുറമ്പോക്ക് കാര്യത്തിലും പരിഹാരം കാണാൻ സാധിച്ചിട്ടുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

128, 129, 130, 131, 133, 134, 140, 146, 152, 153, 154, 161, 162, 163, 164, 165, 166, 167, 170, 181, 186, 193, 194 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

164. In section 2 (bb) proposed to be inserted in the principal Act by Clause 2(i), for the word "amount" occuring after "realisation of", the words "amounts due" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

197, 198, 217, 222, 224, 225, 227 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

244, 255 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അഞ്ചാം വകുപ്പ്

257, 266, 270, 271, 272, 277 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

263. In section 36 (3) proposed to be inserted in the principal Act by Clause 5, for the word “collector”, the word “Collector” shall be substituted wherever it occurs.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

266. In section 36 (3) proposed to be inserted in the principal Act by Clause 5, for the words “attachment on a portion” the words “attachment to a portion” shall be substituted wherever it occurs.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടേ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

279, 286, 287, 288, 302 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

317, 326, 328, 334, 335 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

348, 350, 355, 356, 360, 361, 363, 369, 371, 373, 374, 377, 378 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

363. In section 50(4) proposed to be amended in the principal Act by Clause 8(4)(b), after the figure “71”, the words “of this Act” shall be inserted.

369. In section 50(4) proposed to be amended in the principal Act by Clause 8(4)(b), for the word “realizing”, the word “realising” shall be substituted.

371. In section 50(5) proposed to be inserted in the principal Act by Clause 8(5), for the word “village”, the word “revenue” shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടേ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

464. After section 50A (3)proposed to be inserted in the principal Act by Clause 9, the following explanation shall be inserted, namely:-

“Explanation:- For the purpose of this section defaulter includes legal heirs also.”

385, 390, 392, 394, 397, 399, 403, 406, 410, 411, 416, 417, 418, 421 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

397. In section 50A(1) proposed to be inserted in the principal Act by Clause 9, for the word “realized”, the word “realised” shall be substituted.

399. In section 50A(1) proposed to be inserted in the principal Act by Clause 9, after the word and figure “section 71”, the words “of this Act” shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടേ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ഭേദഗതി അവതരിപ്പിച്ചില്ല.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനൊന്നാം വകുപ്പ്</u>

424-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

424. In section 57(2) proposed to be substituted in the principal Act by Clause 11, after the brackets and figure "(1)" the words and figure "of section 56 of this Act" shall be inserted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പന്ത്രണ്ടാം വകുപ്പ്</u>

426-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

432-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

465. In section 83A proposed to be inserted in the principal Act by Clause 14, for the words “Workmen Compensation Act” the words “Employee’s Compensation Act” shall be substituted.

446, 447, 448, 453, 454 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

453. In section 83C proposed to be inserted in the principal Act by Clause 14, after the figure “71”, the words “of this Act” shall be inserted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

106, 114, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.18-ന് പിരിഞ്ഞു.

*******